## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5803. 03.11.2016 -ലെ മറുപടിക്ക്.

## കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ് നടത്തിയ പെൻഷൻ വിതരണം

ചോദ്യം
**ശ്രീ.വി.ഡി. സതീശൻ**

മറുപടി
**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ് നടത്തിയ പെൻഷൻ വിതരണത്തിൽ ഇരട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ; | (എ) കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം അധികരിച്ച് അയച്ചതായി കണ്ടെത്തിയ തുകകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ഇപ്രകാരമാണ് തിരുവനന്തപുരം ജില്ല - 2327812/-രൂപ, കൊല്ലം ജില്ല - 923280/- രൂപ, കണ്ണൂർ ജില്ല - 6097281/- രൂപ, കാസർഗോഡ് ജില്ല - 242177/-രൂപ, കോഴിക്കോട് ജില്ല - 711722/- രൂപ, മലപ്പുറം ജില്ല - 592950/- രൂപ, പത്തനംതിട്ട ജില്ലയിൽ പരിശോധന പൂർത്തിയാക്കി അധികരിച്ച് അനുവദിച്ച തുക തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത തുകയിൽ എത്ര രൂപ തിരിച്ചു പിടിക്കാൻ കഴിഞ്ഞുവെന്നു വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ; | (ബി) തിരുവനന്തപുരം - അധികരിച്ച് നൽകിയ തുക പൂർണ്ണമായി തിരികെ ഈടാക്കി ക്രമീകരിച്ചിട്ടുണ്ട്.<br>കൊല്ലം -715030/-രൂപ തിരികെ ഈടാക്കിയിട്ടുണ്ട്.<br>കണ്ണൂർ -6035441/-രൂപ തിരികെ ഈടാക്കിയിട്ടുണ്ട്.<br>കാസർഗോഡ് - അധികരിച്ച് നൽകിയ തുക തിരികെ ഈടാക്കി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>കോഴിക്കോട് - ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.<br>പത്തനംതിട്ട - പരിശോധന റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>മലപ്പുറം - ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (സി) ഇങ്ങനെ പെൻഷൻ തുക അധികമായി നൽകിയ വകയിൽ ബോർഡിന് എത്ര രൂപയുടെ നഷ്ടം ഉണ്ടായെന്ന് വിശദമാക്കാമോ; | (സി) അധികരിച്ച് അയച്ച തുക തിരികെ ഈടാക്കുന്നതുവരെയുള്ള കാലയളവിലെ പലിശ ഇനത്തിൽ ബോർഡിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) ഇത്തരം പെൻഷൻ വിതരണത്താൽ ബോർഡിന് നഷ്ടം സംഭവിച്ചതിന് ഉത്തരവാദികൾ ആരാണെന്നും അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ; | (ഡി) ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടിവ് ആഫീസറന്മാരും പ്രസ്തുത ചുമതല വഹിയ്ക്കുന്ന ജില്ലാ ആഫീസിലെ കീഴ് ജീവനക്കാരുമാണ് ടി വീഴ്ചകൾക്ക് ഉത്തരവാദികൾ. ടിയാളുകളുടെ വിശദീകരണം വാങ്ങി അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്താൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഇ) അധി കരിച്ചയച്ച പെൻഷൻ തുക തിരികെ ഈടാക്കുന്നതിലേയ്ക്കും അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി വിശദമായ പരിശോധനകളും തുടർ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**